(ഡി) കാലതാമസം കൂടാതെ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് സംസ്ഥാന സഹകരണ യൂണിയന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

പറപ്പൂർ പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി

114 (2692) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി സൊസൈറ്റി രജിസ്റ്റർ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) സൊസൈറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം വിശദീകരിക്കാമോ ;

(സി) സൊസൈറ്റിയുടെ ആസ്ഥാനം എവിടെയാണ് ;

(ഡി) ഈ സൊസൈറ്റിയിൽ തെരെഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഇല്ലാതായിട്ട് എത്ര വർഷമായിയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ സൊസൈറ്റിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട് ;

(എഫ്) ഇതിൽ അഡ്മിനിസ്ട്രേറ്റർ അംഗത്വം നൽകിയവരുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-1-1974-നാണ് രജിസ്റ്റർ ചെയ്തത്.

(ബി) പറപ്പൂർ പഞ്ചായത്ത് സഹകരണ സംഘം 31-1-1974-ൽ രജിസ്റ്റർ ചെയ്ത് 5-2-1974-ൽ പ്രവർത്തനം ആരംഭിച്ചു. സംഘത്തിൽ 31-12-1985 വരെ തെരെഞ്ഞെടുത്ത ഭരണസമിതി നിലവിലുണ്ടായിരുന്നു. സംഘത്തിന്റെ പ്രവർത്തനം നിലച്ചതിനാൽ 1986-ൽ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചു. സംഘത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ പറ്റാത്ത സാഹചര്യത്തിൽ 93 മാർച്ച് മാസം സംഘം ലിക്വിഡേറ്റ് ചെയ്യുവാൻ ഉത്തരവാകുകയും ലിക്വിഡേറ്റർ ചാർജ്ജെടുക്കുകയും ചെയ്തിരുന്നു. ലിക്വിഡേഷൻ നടപടി തുടരവെ സംഘം പ്രവർത്തനക്ഷമമാക്കുവാൻ ബാദ്ധ്യത ഉണ്ടെന്നു കണ്ടതിനാൽ സംഘത്തിലെ അംഗങ്ങളുടെ അപേക്ഷപ്രകാരം സംഘത്തെ പു:നർജ്ജീവിപ്പിക്കാൻ തീരുമാനിച്ചു. ആയതിലേക്കായി ഒരു പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ 98 സെപ്തംബറിൽ നിയമിക്കുകയും ചെയ്തു. സംഘത്തിൽ നിലവിൽ ആരും തന്നെ ജീവനക്കാരായി ഇല്ല, ഓഫീസും ഇല്ല. പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനായി 9-3-2000-ന് ഭരണസമിതി തെരെഞ്ഞടുപ്പ് നടത്താൻ തീരുമാനിച്ചു. തെരെഞ്ഞെടുപ്പ് ഫല പ്രഖ്യാപനം ബഹുഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം തടഞ്ഞിരിക്കുകയാണ്.

(സി) സൊസൈറ്റിയുടെ ആസ്ഥാനം പറപ്പൂർ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 14 വർഷവും രണ്ട് മാസവുമായി.

(ഇ) 521 അംഗങ്ങളുണ്ട്.

(എഫ്) 250 പേർക്കാണ് അഡ്മിനിസ്ട്രേറ്റർ അംഗത്വം നൽകിയത്.

കേരളത്തിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം

115 (2693) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ക്രെഡിറ്റ് സഹകരണസംഘങ്ങൾ കഴിഞ്ഞ 5 വർഷക്കാലയളവിൽ ഇൻഷ്വറൻസ് ഇനത്തിൽ എന്തു തുകയാണ് പ്രീമിയമായി അടച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം അടച്ചിട്ടുള്ള തുകയുടെ കണക്ക് വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) ക്രെഡിറ്റ് സഹകരണ സംഘങ്ങൾ ഇപ്പോൾ എന്തിനൊക്കെയാണ് ഇൻഷ്വറൻസ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ കഴിഞ്ഞ 5 വർഷം മൊത്തം 25,06,96,773/-രൂപ ഇൻഷ്വറൻസ് പ്രീമിയമായി അടച്ചിട്ടുണ്ട്.

(ബി) വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കളുടെ സുരക്ഷിതത്വത്തിനും സ്വർണ്ണപ്പണയ വായ്പയുടെ ഈട് സ്വർണ്ണത്തിനും നീക്കിയിരിപ്പുകൾക്കും, വ്യാപാരാവശ്യത്തിനു വാങ്ങി സൂക്ഷിക്കുന്ന ചരക്കുകൾക്കും, ജീവനക്കാരുടെ ഗ്രാറ്റിവിറ്റിക്കും സംഘാംഗങ്ങളുടെ അപകട പരിരക്ഷയ്ക്കും സംഘത്തിലെ നിക്ഷേപങ്ങൾക്കും ആണ് ഇൻഷ്വറൻസ് ഇനത്തിൽ തുക ചെലവഴിക്കുന്നത്.

എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ പ്രവർത്തനം

116 (2694) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ പുരോഗതിക്കും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly